**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- ശ്രീ. ചന്ദ്രൻ.ആർ.കെ, ലേ സെക്രട്ടറി & ട്രഷറർ, സർക്കാർ മാനസികാരോഗ്യ കേന്ദ്രം കോഴിക്കോട്- താലൂക്ക് ആശുപത്രി കൊയിലാണ്ടിയിലേക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.07.2017 ലെ ഒ.ഇ (ഇ.കെ.എം) 1563/2017 നമ്പർ കേസിലെ ഉത്തരവ്
2. ഈ ആഫീസിലെ ഉത്തരവ് നം. ഇ.ഡി3-85190/2017/ആ.വ.ഡ തീയതി 20.10.2017
3. ശ്രീ. ആർ.കെ.ചന്ദ്രൻ, ലേ സെക്രട്ടറി & ട്രഷററുടെ അപേക്ഷ

**ഉത്തരവ് നം. ഇ.ഡി3-4259/18/ആ.വ.ഡ തീയതി 12.06.2018**

പരാമർശം (1) പ്രകാരമുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ ആഫീസിൽ നിന്നും പരാമർശം (2) പ്രകാരം, ശ്രീ. ചന്ദ്രൻ.ആർ.കെ യ്ക്ക് കോഴിക്കോട് ജില്ലയിൽ ഇനി വരുന്ന സീനിയർ സൂപ്രണ്ട്/ ലേ സെക്രട്ടറി & ട്രഷറർ തസ്തികയിലെ ഒഴിവിലേയ്ക്ക് ടിയാൻ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ പരിഗണിക്കുന്നതാണെന്ന് തീരുമാനിച്ച് ഉത്തരവായിരുന്നു.

ശ്രീ. ചന്ദ്രൻ.ആർ.കെ 31.05.2018 ന് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ വന്ന ലേ സെക്രട്ടറി & ട്രഷററുടെ ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

അപേക്ഷ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന് ഇനി രണ്ട് വർഷത്തിനു താഴെയേ സർവ്വീസ് ഉള്ളൂവെന്നും, ടിയാൻ ആവശ്യപ്പെടുന്ന സ്ഥാപനം, ഇപ്പോൾ ജോലി ചെയ്യുന്ന കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തെക്കാൾ കൂടുതൽ സൗകര്യ പ്രദമാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ചന്ദ്രൻ.ആർ.കെ യെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ഒഴിവുള്ള ലേ സെക്രട്ടറി & ട്രഷറർ തസ്തികയിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്

**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ശ്രീ. ചന്ദ്രൻ.ആർ.കെ. ലേ സെക്രട്ടറി & ട്രഷറർ,
സർക്കാർ മാനസികാരോഗ്യ കേന്ദ്രം കോഴിക്കോട്

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോഴിക്കോട്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, സർക്കാർ മാനസികാരോഗ്യ കേന്ദ്രം കോഴിക്കോട്/
4. താലൂക്ക് ആശുപത്രി കൊയിലാണ്ടി, കോഴിക്കോട്
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ
6. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**